**06.01.2024 ൽ KRWSA എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന ഓൺലൈൻ അവലോകന യോഗത്തിലെ തീരുമാനങ്ങൾ.**

**സമയം:- 3.30 പി.എം.**

**പങ്കെടുത്തവർ:-PMU, RPMU ഉദ്യോഗസ്ഥർ.**

**അജണ്ട**

1. നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതികളുടെ തീർപ്പാക്കൽ പുരോഗതി.
2. മഴവെള്ള സംഭരണം ഭൂജല പരിപോഷണം എന്ന സംസ്ഥാന പ്ലാൻ ഫണ്ടിൽ ലഭിച്ച 3 കോടി രൂപയുടെ വിനിയോഗം.
3. മറ്റ പ്ലാൻ ഹെഡുകളിൽ നേരത്തെ ലഭിച്ചിരുന്ന തുകയുടെ വിനിയോഗം.
4. 23-24ലെ സുസ്ഥിരതാ പദ്ധതി സ്കീമുകളുടെ നിർവഹണ പ്രവൃത്തികൾ നിലവിലുള്ള JJM സ്കീമുമായി കണക്റ്റ് ചെയ്യുന്നതിനുള്ള സാധ്യത എക്സ്പ്ലോർ ചെയ്ത വിവരം സമർപ്പിക്കുന്നത് സംബന്ധിച്ച്.
5. ഇതര വിഷയങ്ങൾ.

നവകേരള സദസ്സിന്റെ ഭാഗമായി KRWSA യിൽ ലഭിച്ച പരാതികളുടെ തീർപ്പാക്കൽ പുരോഗതി എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം ചെയ്തു.

**ഇടുക്കി റീജണൽ ഓഫീസ്**

ആകെ ലഭിച്ചത് 2 പരാതികളാണ്.

- RWH പദ്ധതിയിൽ payment നൽകുന്നതുമായി ബന്ധപ്പെട്ട പരാതിയിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആയത് ഉടനടി നൽകി പരാതി തീർപ്പാക്കാൻ RPMU വിന് നിർദേശം നൽകി.
- രാജക്കാട് ജലനിധി പദ്ധതിയുടെ ഒരു സ്കീമിലെ ജലഗുണനിലവാര പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പഞ്ചായത്ത്,ഗുണഭോക്തൃ വിഹിതങ്ങൾ അടക്കുവാൻ തെയ്യാറാണെങ്കിൽ സുസ്ഥിരത പദ്ധതിയിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തിക വർഷം തന്നെയോ അല്ലെങ്കിൽ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയോ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച മറുപടി നൽകുവാൻ നിർദേശിച്ചു. ഇത് സംബന്ധിച്ച് ഗുണഭോക്തൃ സമിതി, ഗ്രാമപഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റി (ബൾക്ക് വാട്ടർ സാധ്യത) എന്നിവർക്ക് കത്തുകൾ അയക്കുന്നതിന് റീജണൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

**മലപ്പുറം റീജണൽ ഓഫീസ്**

ആകെ ലഭിച്ച 12 പരാതികളിൽ 9 എണ്ണത്തിൽ നടപടികൾ എടുത്തു. 2 എണ്ണം ഇപ്പോൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.ആയതിൽ ഉടനടി നടപടി സ്വീകരിക്കുന്നതാണെന്ന് RPD അറിയിച്ചു.

ചോക്കാട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയിൽ ജലവിതരണം നടത്തണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച പരാതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ജനുവരി മാസം 15-ാം തീയ്യതിയ്ക്കും 20-ാം തീയതിയ്ക്കും ഇടയിൽ ഒരു ഓൺലൈൻ യോഗം ചേരുന്നതിന് ED നിർദ്ദേശിച്ചു. അനുയോജ്യമായ തീയതി KWA ഉദ്യോഗസ്ഥരുമായി ആലോചിച്ച് അറിയിക്കുന്നതിനും യോഗത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത്, SLEC പ്രതിനിധികൾ എന്നിവരെകൂടി ക്ഷണിക്കുന്നതിനും RPD യെ ചുമതലപ്പെടുത്തി.ഇതനുസരിച്ച് മറുപടി നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദേശിച്ചു.

**കണ്ണൂർ റീജണൽ ഓഫീസ്**

കണ്ണൂർ റീജിയണൽ ഓഫീസിൽ ലഭിച്ച 17പരാതികളിൽ 15 എണ്ണം തീർപ്പാക്കി. ബാക്കി 2 എണ്ണത്തിലുള്ള മറുപടികൾ 9-1-24 നുള്ളിൽ നൽകുന്നതാണ്.

നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ തീർപ്പാക്കൽ പുരോഗതി 08.01.2024 തിങ്കളാഴ്ച 2 മണിയ്ക്ക് മുൻപായി PMU വിൽ അറിയിക്കേണ്ടതാണെന്ന് 3 RPD മാർക്കും ED നിർദ്ദേശംനൽകി.

2. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്ന ഇനത്തിൽ 3 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകക്കുള്ള ബില്ലുകൾ 12-01-2024 നുള്ളിൽ കൊടുത്ത് തീർക്കുന്നതിന് ED നിർദ്ദേശിച്ചു. RPMU മലപ്പുറം ഈ ഹെഡിലുള്ള ബില്ലുകൾ 08.01.2024 ന് സമർപ്പിക്കുമെന്ന് RPD അറിയിച്ചു. വിവിധ പ്ലാൻ ഹെഡുകളിൽ സർക്കാർ ഫണ്ട് ലഭിച്ചാൽ ഉടനടി അതിന്റെ വിനിയോഗം നടത്തണമെന്ന് ED കർശന നിർദേശം നൽകി.
3. R&D, IEC വിഭാഗത്തിൽ RPMU കൾക്ക് നൽകിയിട്ടുള്ള തുകയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികളുടെ പുരോഗതി ED വിലയിരുത്തി. R&D യിൽ കണ്ണൂർ റീജിയൻഏറ്റെടുത്തിട്ടുള്ള 4 പ്രവർത്തികളിൽ 4 ഉം പൂർത്തീകരിച്ചു എന്ന് MCD അറിയിച്ചു. ആയതിന്റെ UC 10/01/24 ന് സമർപ്പിക്കുന്നതാണ്. ട്രെയിനിംഗ്, IEC, ജലശ്രീ ക്ലബ് എന്നിവയുടെ ഹെഡിൽ 15/01/24നകം UC സമർപ്പിക്കുന്നതാണ്. ഇടുക്കി റീജിയണിൽ R&Dയുടെ ഭാഗമായുള്ള installation പ്രവർത്തനങ്ങൾ 20-1-24 നുള്ളിലും UC 30-1-24നകവും സമർപ്പിക്കണം. IEC ഇനത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു UC 25-1-24നകം നൽകണം.

മലപ്പുറം യൂണിറ്റ് മേൽ ഇനങ്ങളിലുള്ള UC 25-1-24 നകം നൽകണം.

4. 23-24ലെ സുസ്ഥിരതാ പദ്ധതി സ്കീമുകളുടെ നിർവഹണ പ്രവൃത്തികൾ നിലവിലുള്ള JJM സ്കീമുമായി കണക്റ്റ് ചെയ്യുന്നതിനുള്ള സാധ്യത എക്സ്പ്ലോർ ചെയ്യുകയും, ബൾക്ക് വാട്ടർ വാങ്ങി ഉപയോഗിക്കുന്നതിനുള്ള സാധ്യതയും റീജണൽ ഓഫീസുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ED നിർദ്ദേശിച്ചു. ആയതനുസ്സരിച്ച് സർക്കാരിലേയ്ക്ക് ഉള്ള റിപ്പോർട്ട് 16.01.2024 നകം സമർപ്പിക്കുന്നതിന് ഡയറക്ടർ (ടെക്നിക്കൽ)നെ ചുമതലപ്പെടുത്തി.
5. **ഇതര വിഷയങ്ങൾ.**

2023-24 സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾക്ക് ഗുണഭോക്തൃ പഞ്ചായത്ത് വിഹിതം ശേഖരിക്കേണ്ടത് നിർബന്ധമാണ്. പക്ഷെ ഇത് ശേഖരിക്കുന്നതിലുള്ള കാലതാമസം പ്രവർത്തികളെ ബാധിക്കാൻ പാടില്ല. പദ്ധതി പ്രവൃത്തികൾ പൂർത്തീകരിയ്ക്കുമ്പോൾ ആവശ്യമായ ഗുണഭോക്തൃ / പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്ത് ജോയിന്റ് അക്കൌണ്ടിൽ ഉറപ്പുവരുത്തണം. ഇതിനുവേണ്ട നിർദേശങ്ങൾ RPD മാർ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. 2022-23 മുതൽ നടപ്പിലാക്കുന്ന പദ്ധതി നിർവഹണ മാർഗ്ഗരേഖയിലെ നിബന്ധനകൾ അനുപ്രകാരം പാലിക്കുവാനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കുണ്ടെന്ന വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിക്കണം.

JJM പദ്ധതിയിൽ ഉൾപ്പെടുത്തി FHTCകൾ നൽകിയിട്ടുള്ള സ്കീമുകളിൽ JJM നിർദേശ പ്രകാരമുള്ള IEC ബോർഡുകൾ സ്ഥാപിക്കണമെന്ന നിർദേശം RPDമാർക്ക് നൽകി. പ്രവൃത്തികളുടെ ബില്ലുകൾ പൂർണ്ണമായും സെറ്റിൽ ചെയ്ത സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ KRWSA യുടെ IEC head-ൽ ഉൾപ്പെടുത്തി നൽകുവാൻ നിർദേശം നൽകി.

യോഗം 4.30 പി.എം. ന് അവസാനിച്ചു.

Signed by
Dr. Dinesan Cheruvat I A S
Date: 10-01-2024 13:21:48
എക്സിക്യൂട്ടീവ് ഡയറക്ടർ